SUNDAY 18-12-2022 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**

Chief Editor : PADMAM S. Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-17/12/2022.

1. കോഴിക്കോട്, വേങ്ങേരി നഗര കാർഷിക വിപണന കേന്ദ്രത്തിൽ ഡിസംബർ 22 മുതൽ 31 വരെ വേങ്ങേരി അഗ്രിഫെസ്റ്റ് എന്ന പേരിൽ വ്യാപാര ഉത്സവം സംഘടിപ്പിക്കുന്നു. കാർഷിക, കാർഷികേതര വിപണനവും, പ്രദർശനവും, നാട്ടുചന്തകൾ, കാർഷിക സെമിനാറുകൾ, പുഷ്പഫല പ്രദർശനം, കന്നുകാലി പ്രദർശനം തുടങ്ങിയവ വിപണന കേന്ദ്രത്തിൽ ഉണ്ടായിരിക്കുന്നതാണ്.

2. കൊല്ലം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/ സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പ് പുരസ്കാരം നൽകുന്നു. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങളും സഹിതം ഡിസംബർ 24 നകം കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ 3 വർഷത്തിനുള്ളിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം പരിഗണിക്കുന്നതല്ല. അപേക്ഷ ഫോറം ഗവ. മൃഗാശുപത്രികളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടറുടെ ശുപാർശ സഹിതം സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് **0474 2795076** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെൽകൃഷിയും എല്ലാ ജില്ലകളിലേയും വാഴയും മരച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥാ വിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കൈതച്ചക്ക, കരിമ്പ്, കാരറ്റ്, കാബേജ്, വെളുത്തുള്ളി, ഉരുളക്കിഴങ്ങ്, ബീൻസ്, കശുമാവ്, മാവ്, തക്കാളി, ചെറുധാന്യങ്ങൾ (ചോളം, റാഗി, തിന മുതലായവ), പച്ചക്കറികൾ (പയർ, പടവലം, പാവൽ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) എന്നീ വിളകളാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരെ അതാത് ബാങ്കുകൾ തന്നെ ചേർക്കേണ്ടതാണ്. പദ്ധതിയിൽ ചേരാനാഗ്രഹിക്കുന്ന വായ്പ എടുക്കാത്ത കർഷകർക്ക് ഓൺലൈനായും (www.pmfby.gov.in), ഡിജിറ്റൽ സേവാ കേന്ദ്രങ്ങൾ വഴിയും, തിരഞ്ഞെടുക്കപ്പെട്ട അക്ഷയ കേന്ദ്രങ്ങൾ വഴിയും, ഇൻഷുറൻസ് ബ്രോക്കർ പ്രതിനിധികൾ വഴിയും പദ്ധതിയിൽ ചേരാവുന്നതാണ്. ഏറ്റവും പുതിയ ആധാറിന്റെയും, ബാങ്ക് പാസ്സ് ബുക്കിന്റെയും, നികുതിച്ചീട്ട്/ പാട്ടച്ചീട്ടിന്റെയും കോപ്പികൾ സമർപ്പിക്കേണ്ടതാണ്. കർഷകർ ഇൻഷുർ ചെയ്യാനുദ്ദേശിക്കുന്ന

വിസ്തീർണ്ണത്തിന് തുല്യമായ നികുതി / പാട്ടച്ചീട്ട് സമർപ്പിക്കേണ്ടതാണ്. കൂടാതെ സാധുവായ ആധാർ ബന്ധിത ബാങ്ക് അക്കൗണ്ട് വിവരങ്ങളും നൽകേണ്ടതാണ്. റാബി 2022-ൽ പ്രധാനമന്ത്രി ഫസൽ ബീമ യോജനയിലും, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിലും കർഷകർക്ക് ചേരേണ്ട അവസാന തീയതി **ഡിസംബർ 31** (31/12/2022) ആണ്.

4. സർക്കാർ പൊതുമേഖല സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് (കെപ്കോ) കീഴിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലയിലെ കൊട്ടിയം മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ 45 മുതൽ 60 ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടകോഴികൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ **9495000923, 9495000913** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുകയോ, കൊട്ടിയം ഫാമിൽ നിന്ന് നേരിട്ട് കോഴികളെ വാങ്ങുകയോ ചെയ്യാവുന്നതാണെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

5. വെള്ളായണി കാർഷിക കോളേജിൽ ജൈവവൈവിധ്യ ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ വിളകളുടെ ജൈവ വൈവിധ്യ സംരക്ഷണവും പഠനവും ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഭാഗമായി **വാഴ, മാവ്, നെല്ല്, ചെറുധാന്യങ്ങൾ, പയറുവർഗ വിളകൾ, കിഴങ്ങു വർഗ വിളകൾ, പച്ചക്കറി വിളകൾ, സുഗന്ധ വ്യഞ്ജനങ്ങൾ** എന്നീ വിളകളിൽ കേരളത്തിന്റെ തനതായ നാടൻ ഇനങ്ങളും അപൂർവ ഗുണങ്ങളുള്ള ഇനങ്ങളും കൃഷി ചെയ്യുന്ന അല്ലെങ്കിൽ അവയെ കുറിച്ച് വിവരമുള്ളവർ ഇനി പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ, വാട്സാപ്പ് സന്ദേശം അയയ്ക്കുകയോ ചെയ്യണമെന്ന് കോളേജ് ഡീൻ അറിയിച്ചു.

| | |
|---|---|
| മാവ് | **9946867991** |
| വാഴ | **9497453663** |
| നെല്ല് | **9495817932** |
| ചെറുധാന്യങ്ങൾ,പയറുവർഗ വിളകൾ,കിഴങ്ങുവർഗ വിളകൾ | **9446177109** |
| സുഗന്ധവ്യഞ്ജനങ്ങൾ | **8547105571** |
| പച്ചക്കറി വിളകൾ | **9495974675** |

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## പരിശീലന പരിപാടികൾ

6. വേങ്ങേരി അഗ്രിഫെസ്റ്റിനോടനുബന്ധിച്ച് വേങ്ങേരി കാർഷിക മൊത്ത വിപണന കേന്ദ്രത്തിൽ വെച്ച് **കൂൺകൃഷി, ഉപഭോക്തൃ ബോധവത്ക്കരണം, മത്സ്യകൃഷി, അടുക്കളത്തോട്ട നിർമ്മാണം, കിഴങ്ങ് വർഗ്ഗ സംസ്ക്കരണം, തേനീച്ച കൃഷി, ചക്കയുടെ സംസ്ക്കരണം** തുടങ്ങിയ വിഷയങ്ങളിൽ **ഡിസംബർ 23 മുതൽ 30 വരെ** ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ പരിശീലന ക്ലാസ്സ് നടത്തുന്നു. താൽപര്യമുള്ള കർഷകർ **9846197067** എന്ന ഫോൺ നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **ഡിസംബർ 20-ന് എരുമവളർത്തൽ, 22-ന് താറാവ് വളർത്തൽ, 28-ന് നായ വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9188522708** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഡിസംബർ 21, 22 തീയതികളിൽ **ആടുവളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ നേരിട്ടോ, ഓഫീസ് സമയങ്ങളിൽ **04829 234323** എന്ന ഫോൺ നമ്പരിൽ വിളിച്ചോ, **9188522706** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## ശൈത്യകാല സംരക്ഷണം മുട്ടക്കോഴികളിൽ

9. ശൈത്യകാലത്ത് മുട്ടയുത്പാദനം കുറയാനുള്ള സാധ്യതയുള്ളതിനാൽ കൂട്ടിനുള്ളിൽ പതിനാറ് (16) മണിക്കൂർ ബൾബ് വെളിച്ചം ഉറപ്പാക്കുക. കോഴിത്തീറ്റയിൽ ഫംഗൽബാധ ഏൽക്കാതെ വൃത്തിയായി അടച്ചു സൂക്ഷിക്കുക. തീറ്റ നൽകിയ ശേഷം മാത്രം കുടിവെള്ളം ലഭ്യമാക്കുക. വൈറസ് രോഗങ്ങൾക്കെതിരായ വാക്സിനേഷൻ ശൈത്യകാലത്ത് നിർബന്ധമായും ഉറപ്പാക്കുക. ബാക്ടീരിയൽ രോഗങ്ങളായ സാൽമൊണല്ലോസിസ്, കോക്സീഡിയോസിസ് എന്നിവ തടയാൻ ആന്റിബയോട്ടിക്കുകൾ കരുതുക.